## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 199 — 04/10/2011-ലെ മറുപടിയ്ക്ക്

### കാലഹരണപ്പെട്ട നഗരാസൂത്രണ പദ്ധതികൾ സമഗ്രമായി പരിഷ്ക്കരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ.എ. പ്രദീപ് കുമാർ<br>ശ്രീ. കെ.ദാസൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും<br>വകുപ്പു മന്ത്രി) |
| (എ) കാലാഹരണപ്പെട്ട നഗരാസൂത്രണ പദ്ധതികൾ സമഗ്രമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) നഗരാസൂത്രണ പദ്ധതികൾ സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സമയബന്ധിതമായി നടത്തിക്കൊണ്ടിരിക്കുകയാണ്. സർക്കാർ അംഗീകൃത വികസന രൂപരേഖ (മാസ്റ്റർ പ്ലാൻ/ഡെവലപ്മെന്റ് പ്ലാൻ)കളുടെ വ്യതിയാനങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ നഗരങ്ങൾക്ക് ആസൂത്രണ പദ്ധതികൾ തയ്യാറാക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.<br>ഈ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 32 നഗരങ്ങൾക്ക് ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിന് വ്യക്തമായ ആക്ഷൻ പ്ലാനുകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പ്ലാനുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിനാവശ്യമായ ഡാറ്റാ ഫോർമാറ്റ്, ചോദ്യാവലികൾ, ടൂൾ കിറ്റുകൾ customized computer application തുടങ്ങിയവ വകുപ്പു തലത്തിൽ പ്രത്യേകം തയ്യാറാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ പങ്കാളിത്തത്തോടെയാണ് ഈ പ്ലാനുകൾ തയ്യാറാക്കുന്നത്. |

(ബി) ഏതെല്ലാം നഗരസഭകളുടെ മാസ്റ്റർ പ്ലാനുകളാണ് കോടതി റദ്ദാക്കിയിരിക്കുന്നത്; ഈ നഗരങ്ങളിൽ യാതൊരു നിയന്ത്രണവുമില്ലാതെ കെട്ടിട നിർമ്മാണാനുമതികൾ നൽകുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള നഗരാസൂത്രണ നിയമത്തിലെ വ്യവസ്ഥകൾ ഇൻഡ്യൻ ഭരണഘടനയുടെ ഭാഗം IX A-യെയും 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 51 (4)ന്റെയും വെളിച്ചത്തിൽ നിലനിൽക്കുന്നതല്ലായെന്ന് W.P.(C) No.24526/09, W.P.(C) No.22857/10 എന്നീ കേസുകളുടെ വിധി ന്യായത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിരീക്ഷിച്ചിട്ടുള്ളതാണ്. എന്നാൽ ഭരണഘടനയ്ക്കും മുനിസിപ്പാലിറ്റി നിയമത്തിനും അനുസൃതമായി ഒരു ഏകീകൃത നഗരാസൂത്രണ നിയമം നിലവിൽ വരുന്നതുവരെ നിലവിലുള്ള നഗരാ സൂത്രണ പദ്ധതികൾ തന്നെ അതാത് നഗരസഭകൾക്ക് പിന്തുടരാവുന്നതാണെന്ന് പ്രസ്തുത വിധി ന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ നഗര സഭകളുടെ മാസ്റ്റർ പ്ലാനുകൾ റദ്ദായതായി കരുതാനാവില്ല

(സി) നഗരാസൂത്രണ പദ്ധതികളിൽ നിന്നും കെട്ടിട നിർമ്മാണങ്ങൾക്ക് വ്യക്തിഗത ഇളവ് ഇപ്പോൾ നൽകുന്നുണ്ടോ; എങ്കിൽ ഏത് നിയമ വ്യവസ്ഥ പ്രകാരമാണെന്ന് വ്യക്തമാക്കാമോ?

(സി) ഒ.പി നമ്പർ 8740/1997 (S) മേലുള്ള ബഹു.ഹൈക്കോടതിയുടെ 07/11/2005 -ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത നഗരാസൂത്രണ പദ്ധതികളിലെ വ്യവസ്ഥകളിൽ നിന്നും വ്യക്തിഗത ഇളവുകൾ സർക്കാർ നൽകാറില്ല.

സെക്ഷൻ ആഫീസർ